## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3553          17/10/2011-ൽ മറുപടിയ്ക്ക്

## ആശുപത്രികൾക്കാവശ്യമായി വരുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരം

ചോദ്യം          മറുപടി

ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികൾക്കാവശ്യമായി വരുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ മുൻകൂട്ടി ശേഖരിക്കാറുണ്ടോ; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (എ) | ശേഖരിക്കാറുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ ആകെ ഉപഭോഗത്തെ അടിസ്ഥാനപ്പെടുത്തിയാണ് മാനദണ്ഡം നിശ്ചയിക്കുന്നത്. |
| (ബി) | മരുന്നും ഉപകരണങ്ങളും ആശുപത്രികളിലെ ഡിമാൻറനുസരിച്ച് സപ്ലൈ ചെയ്യാൻ സാധിക്കാതെ വരുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | മരുന്നുകളും മറ്റും വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ കാലതാമസം വരുന്നുണ്ടോ? | (സി) | ഈ സാമ്പത്തിക വർഷത്തിൽ മാത്രമാണ് മരുന്നുകളും മറ്റും വാങ്ങുന്നത് സംബന്ധിച്ച് നടപടി ക്രമങ്ങളിൽ കാലതാമസം നേരിട്ടത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഈ വർഷത്തെ ടെൻഡർ നടപടികൾ ആരംഭിച്ചത് 31/12/2010 ലാണ്. കമ്പനികളിൽ ടെൻഡർ രേഖകൾ നൽകേണ്ടിയിരുന്ന |

| | | | |
|---|---|---|---|
| | | | അവസാന തീയതി 03/02/2011 ആയിരുന്നു. ഇതിന്റെ പരിശോധനാ ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് 28/02/11 ലാണ്. ഇത് കഴിഞ്ഞാലുടനെ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് ലഭിച്ചിട്ടുള്ള പരാതികളും മറ്റും തീർപ്പാക്കി ഏപ്രിൽമാസം നടക്കേണ്ടിയിരുന്ന ഫാക്ടറി ഇൻസ്പെക്ഷൻ പൂർത്തീകരിച്ചത് ജൂൺ മാസത്തിലാണ്. അതിനുശേഷം ഹൈക്കോടതിയിൽ ഇതോടനുബന്ധിച്ച് നാല് കമ്പനികൾ കേസ് കൊടുക്കുകയും പ്രസ്തുത കേസുകൾ തീർപ്പാക്കി ആഗസ്റ്റ് മാസത്തിലാണ് പ്രൈസ് ബിഡ് ഓപ്പൺ ചെയ്യാൻ സാധിച്ചത്. ഇക്കാരണങ്ങളാലാണ് ടെൻഡർ നടപടികളിൽ കാലതാമസം സംഭവിച്ചത്. |

സെക്ഷൻ ഓഫീസർ